# സി യൂ സൂൺ: ഡിജിറ്റൽ പ്രണയത്തിന്റെ നിഗൂഢതയിലൂടെ.

By : Lijo Rachel George

കോറോണയും ലോക്ക് ഡൗണുമൊക്കെ കാരണം ഈ കൊച്ചു കേരളം തൊട്ട് ലോകത്താകമാനമുള്ള എല്ലാ രാജ്യങ്ങളിലും സാമ്പത്തിക വളർച്ച മുതൽ സാധാരണക്കാരായ ജനങ്ങളുടെ ജീവിതം വരെ നിശ്ചലാവസ്ഥയിലായ ഒരു സ്ഥിതി വിശേഷം ഇപ്പോഴും അതേപടി തന്നെ നിലനില്ക്കുന്ന 2020 എന്ന ഈ വർഷത്തിൽ, തിയേറ്ററുകൾ പൂർണമായും അടച്ചിടപ്പെട്ട അവസ്ഥയിൽ ott റിലീസ് ഒക്കെ നേരത്തെ തന്നെ നടപ്പിൽ വന്നു കഴിഞ്ഞ കാര്യമാണ്.അതേ സമയം തന്നെ, വർഷത്തിന്റെ മുക്കാൽ പങ്കും ആളുകളെ മുറിയിൽ അടച്ചു പൂട്ടിയിരുത്തിച്ച കോവിഡ് 19 എന്ന വൈറസിൽ, ജീവിതം മുങ്ങി താഴ്ന്നു പോയ ഈ അവസ്ഥയിലും, ഉള്ളിലുള്ള കലയെ ഒരു വൈറസിനും നശിപ്പിക്കാൻ ആവില്ലെന്ന് തെളിയിച്ചു കൊണ്ടു മഹേഷ് നാരായണൻ എന്ന ചലച്ചിത്ര പ്രതിഭ, കഥയും തിരക്കഥയും സംവിധാനവും നിർവഹിച്ച, പൂർണമായും ഐഫോൺ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ചിത്രീകരിച്ച 98m മാത്രം ദൈർഘ്യമുള്ള ഒരു ചെറിയ മലയാള സിനിമ- അതാണ്, ഇക്കഴിഞ്ഞ സെപ്റ്റംബർ ഒന്നിന്, ആമസോൺ പ്രൈമിൽ റിലീസ് ചെയ്യപ്പെട്ട സി യൂ സൂൺ.

തട്ടുപൊളിപ്പൻ നൃത്ത ചുവടുകളും ചടുല സംഭാഷണങ്ങളും വർണ്ണ വെളിച്ചങ്ങളും സംഘടന ബഹളങ്ങളും അതല്ലെങ്കിൽ മനോഹരമായ പ്രകൃതി ദൃശ്യങ്ങളോടൊപ്പം മെലഡികളുടെ ഈണവും ചേർത്ത് വെച്ച് പ്രണയവും മറ്റും ചിത്രീകരിച്ചിരുന്ന മലയാള സിനിമയുടെ ഇതുവരെ കണ്ടു പരിചയിച്ച രീതിയിൽ നിന്നും മാറി സഞ്ചരിച്ചു കൊണ്ടു, ഇപ്പോഴത്തെ സാഹചര്യത്തിനോടും ആളുകളുടെ ജീവിത-മാനസിക അവസ്ഥകളോടും ചേർന്നു നില്ക്കുന്ന, അതോടൊപ്പം തന്നെ, കാലത്തിൻറെ സാങ്കേതിക വളർച്ചയ്ക്ക് അനുസൃതമായി ചിത്രീകരിക്കപ്പെട്ട ഒരു experimental thriller. ഇക്കഴിഞ്ഞ ജൂൺ മാസം മുതൽ പൂർണമായും ശ്രീ.ഫാസിലിന്റെ ഫ്ലാറ്റിലും ഐഫോണിലുമായി ഷൂട്ട് ചെയ്ത സിനിമയിൽ കൂടുതലും സോഷ്യൽ മീഡിയ ചാറ്റുകളുടെയും വീഡിയോ കോളുകളുടെയും നോട്ടിഫിക്കേഷൻ സ്ക്രീനുകളും അല്ലെങ്കിൽ ഒരു മുറിയിലെ ഇരുണ്ട വെളിച്ചവുമാണ് പശ്ചാത്തലത്തിൽ വരുന്നത്.അതുകൊണ്ട് തന്നെ ഇതൊരു desktop film അല്ലെങ്കിൽ computer screen ചിത്രം കൂടിയാണ്. 'Lens' നു ശേഷമുള്ള ഇന്ത്യൻ computer screen ചിത്രം.ഒരേ ഴോണറിൽ വരുന്ന സിനിമ ആയത് കൊണ്ടു തന്നെ 2018 ഇൽ ഇറങ്ങിയ Searching എന്ന ഇംഗ്ലീഷ് ചിത്രവുമായി ഇത് താരതമ്യം ചെയ്യപ്പെടുന്നുണ്ട്.ചിത്രീകരണം ഡിജിറ്റൽ ആയത് കൊണ്ടു തന്നെ Sabin Urallikandy നിർവഹിച്ചിരിക്കുന്ന ഇതിന്റെ ചായഗ്രഹണവും virtual രീതിയിൽ ആണ്.സംഗീതം

നിർവഹിച്ചിരിക്കുന്നത് ഗോപി സുന്ദർ. ഈ ചിത്രത്തിന്റെ trailer റിലീസ് aug 25നു ശ്രീ.കമൽ ഹാസൻ ട്വിറ്ററിലൂടെയാണ് നിർവഹിച്ചത്.

യുവതലമുറയുടെ ജീവ വായുവായ ഓൺലൈൻ സൗഹൃദങ്ങൾ പ്രധാന പ്രമേയമായ സിനിമയിൽ,എടുത്തു ചാട്ടം കൊണ്ടു പ്രണയം ഉൾപ്പെടെ പല ചതിക്കുഴികളിലും പോയി ചാടുന്ന യുവ ജനതയിലെ വലിയൊരു വിഭാഗത്തെ ഇതിലെ നായകനും നായികയും പ്രതിനീധികരിക്കുന്നു. നായിക ഒരു പ്രത്യേക സാഹചര്യത്തിൽ നായകന്റെ ജീവിതത്തിലേക്ക് എത്തിപ്പെടുന്നതും അതേ തുടർന്നുണ്ടാകുന്ന കുഴഞ്ഞു മറിഞ്ഞു കിടക്കുന്ന കുറച്ചു സംഭവങ്ങളും അതിന്റെ അന്വേഷണവും ഒക്കെ ആയിട്ടാണ് കഥ മുന്നോട്ട് പോകുന്നത്.അതോടൊപ്പം ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് മറ്റുള്ളവരുടെ വ്യക്തിഗത വിവരങ്ങൾ ശേഖരിക്കുന്നതിനെ പറ്റിയും ഈ ചിത്രം ചർച്ച ചെയ്യുന്നു. ഒരു പ്രൊഫൈൽ സെർച്ച് കാണിച്ചു കൊണ്ടു തുടങ്ങുന്ന ചിത്രം നായകനും നായികയും പരസ്പരം പരിചയപ്പെട്ട് തമ്മിൽ കാണാൻ 'സി യൂ സൂൺ' ആശംസിച്ചു ചാറ്റ് അവസാനിപ്പിക്കുന്നയിടത്ത് സിനിമ യഥാർത്ഥത്തിൽ ആരംഭിക്കുന്നു. പ്രണയമാണ് ചിത്രത്തിന്റെ ഇതിവൃത്തമെങ്കിലും, പ്രണയത്തേക്കാൾ, അവർക്കിടയിൽ നടന്ന സംഭവങ്ങളും അതേ പറ്റിയുള്ള വിവിധ ആളുകളുടെ അന്വേഷണങ്ങളിലെ ഉദ്വേഗ മുഹൂർത്തങ്ങളും ചേർന്നു, ആദ്യാവസാനം നിലനിർത്തുന്ന ആ നിഗൂഢതയാണ് ഈ ചിത്രത്തിന്റെ ഹൈലൈറ്റ്.

ദുബായിൽ ഉള്ള മകനെയും സുഹൃത്തിനെയും അമേരിക്കയിലുള്ള അമ്മയെയും ബാംഗ്ലൂരിലും നാട്ടിലും ഉള്ള നായികയുടെ ബന്ധുക്കളെയും, ഒരേ സമയം ഒരേ സ്ക്രീനിൽ എത്തിക്കുന്ന ഇന്നിന്റെ വേഗവും സാങ്കേതിക പുരോഗമനവും ആശയ വിനിമയത്തിലും ബന്ധങ്ങളിലും സമൂഹ മാധ്യമങ്ങളുടെ ഇടപെടലുകളും നല്ല ബന്ധുക്കളുടെ ആവശ്യകതയുമെല്ലാം ഈ ചിത്രം പരാമർശിക്കുന്നു.വിവാഹം പോലെ കെട്ടുറപ്പുള്ള ബന്ധങ്ങളിൽ ഏർപ്പെടാതെ ഡേറ്റിങ്ങിനും ലിവിങ് ടുഗെതറിനും പ്രാധാന്യം നല്കുന്ന ഒരേ സമയം പലരുമായി പ്രേമത്തിലാകുന്ന നമ്മുടെ തന്നെ സമൂഹത്തിലെ ഒരു വിഭാഗത്തെയും ഈ സിനിമയിലെ നായകന്മാർ വഴി പ്രേക്ഷകർക്ക് മുൻപിൽ എത്തിക്കുന്നു. സാങ്കേതികയിലെ തൻറെ വിജ്ഞാനവും ജോലിയിലെ മികവും തന്റെ കസിന്റെ അപകട ഘട്ടത്തിൽ അവനെ രക്ഷിക്കാനും സഹായിക്കാനുമായി ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ എഞ്ചിനീയർ/സൈബർ സുരക്ഷ വിദഗ്ദനായ കസിനായി അഭിനയിക്കുന്ന, ഫഹദ് ഫാസിൽ ഈ ചിത്രത്തിൽ,ഒരു പ്രമുഖ വേഷത്തിൽ വേറിട്ട ലുക്കിൽ എത്തുന്നു.

റോഷൻ മാത്യൂ,ദർശന രാജേന്ദ്രൻ, മാല പാർവതി, സൈജു കുറുപ്പ് എന്നിവർ പ്രധാന കഥാപാത്രങ്ങളായി അഭിനയിക്കുന്ന ഈ ചിത്രം നിർമിച്ചിരിക്കുന്നത് ഫഹദും നസ്രിയയും ചേർന്നാണ്.